(സി) കിൻഫ്രയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള പാർക്കുകളുടേയും കിൻഫ്രയുടെ സംയുക്ത സംരംഭങ്ങളുടേയും മൂലധനച്ചെലവുകൾ സംബന്ധിച്ച വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ഡി, ഇ) കിൻഫ്രയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള വ്യവസായ പാർക്കുകളിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപവും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. ††

ജിം-ൽ ഒപ്പുവച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കെ. എസ്. ഐ. ഡി. സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി

6 [5562] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിം-ൽ ഒപ്പുവച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കെ. എസ്. ഐ. ഡി. സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ഏറ്റെടുത്തിട്ടുള്ളത് ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളുടെ കീഴിലുള്ള ഭൂമിയാണ് ഈ പദ്ധതികൾക്കായി ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ജിം പദ്ധതികൾ വ്യവസായ വകുപ്പിന്റെ ഏത് ഏജൻസിയാണ് പരിശോധനയും മോണിറ്ററിംഗും നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനകം സർക്കാർ ക്ലിയറൻസ് കിട്ടിയ പദ്ധതികൾക്ക് ഭൂമി ആവശ്യമുള്ളതാണോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭൂമി ഏറ്റെടുക്കുമ്പോൾ അതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ജി) ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിച്ചിരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എച്ച്) ഭൂമി ഏറ്റെടുക്കുന്നതിനായി ഇതുവരെ ചെലവഴിച്ചിട്ടുള്ള സംഖ്യ എത്ര; ഈ സംഖ്യ ഏതൊക്കെ പദ്ധതികളിൽ ഭൂമി വാങ്ങുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജിം-ൽ ഒപ്പുവച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കെ. എസ്. ഐ. ഡി. സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ഭൂമി ഒന്നും ഏറ്റെടുത്തിട്ടില്ല.

(ബി, സി) ചോദ്യം ബാധകമല്ല.

(ഡി) ജിം-ൽ ഒപ്പുവച്ച പദ്ധതികൾ നടപ്പിലാക്കേണ്ടുന്ന പൂർണ്ണമായ ചുമതല അതാതു വകുപ്പുകൾക്കാണ്. സർക്കാർ രൂപീകരിച്ച നിക്ഷേപ പ്രോൽസാഹന ബോർഡ് പദ്ധതികൾക്ക് തത്വാധിഷ്ഠിത അനുമതി നൽകുന്ന ദ്രുത സംവിധാനമായും പ്രവർത്തിക്കുന്നു.

(ഇ) ജിം-ൽ ഒപ്പുവച്ചതും സർക്കാർ തത്വാധിഷ്ഠിത അനുമതി നൽകിയിട്ടുള്ളതുമായ 40 പദ്ധതികളിൽ സർക്കാരിന്റെ സ്ഥലം വേണ്ടിവരാൻ സാധ്യതയുള്ള പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. †

(എഫ്, ജി) നിലവിലുള്ള നിയമം ഇക്കാര്യത്തിൽ ബാധകമാണ്. എന്നാൽ ഇതോടനുബന്ധിച്ച് വ്യവസായ (നിക്ഷേപ പ്രോത്സാഹന) വകുപ്പ് പുറത്തിറക്കിയിട്ടുള്ള ഒരു ഉത്തരവിന്റെ പകർപ്പ് കൂടി അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. ††

(എച്ച്) ചോദ്യത്തിന്റെ എ വിഭാഗത്തിന് നൽകിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കൈത്തറി, കയർ, കരകൗശല, കശുവണ്ടി സഹകരണ സംഘങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ

7 [5563] ശ്രീ. ടി. കെ. ബാലൻ:
„ പിരപ്പൻകോട് മുരളി:
„ രാജു എബ്രഹാം:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൈത്തറി, കയർ, കരകൗശല, കശുവണ്ടി, സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) വ്യവസായ വകുപ്പിന്റെ നിർദ്ദിഷ്ട പുനഃസംഘടനാ റിപ്പോർട്ടിൽ ഇത്തരം സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനെ സംബന്ധിച്ച് കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly